# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


നം. പി.എസ്.1 (എ)/3235/2013 തീയതി: 17.08.2020

## പരിപത്രം

വിഷയം:- 2020 ആഗസ്റ്റ് 20 – സദ്ഭാവനാ ദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്.

അന്തരിച്ച മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ആഗസ്റ്റ് 20 സദ്ഭാവനാ ദിനമായി എല്ലാ വർഷവും ദേശവ്യാപകമായി ആചരിക്കുകയാണ്. അക്രമ മാർഗ്ഗങ്ങൾ വെടിഞ്ഞ് ദേശത്തിന്റെയും ഭാഷയുടെയും മതത്തിന്റെയും പേരിലുള്ള വ്യത്യാസങ്ങൾ മറന്ന് എല്ലാ വിഭാഗം ജനങ്ങളിലും ദേശീയ ഐക്യവും പരസ്പര സ്നേഹവും വളർത്തുന്നതിനുള്ള സന്ദേശം നല്കുന്നതിനാണ് വർഷം തോറും ഈ ദിനം ആചരിച്ചു പോരുന്നത്.

ഈ വർഷം ആഗസ്റ്റ് 20 - ന് സംസ്ഥാന വ്യാപകമായി സദ്ഭാവനാ ദിനം ആചരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളായ ശരിയായ ശുചിത്വം പാലിക്കൽ സാമൂഹിക അകലം പാലിക്കൽ മാസ്ക് ധരിക്കൽ തുടങ്ങിയവ പാലിച്ചുകൊണ്ടും പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ടും 'സദ്ഭാവനാ ദിന പ്രതിജ്ഞ' ചൊല്ലൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ കാര്യാലയങ്ങളിലും **ആഗസ്റ്റ് 20 വ്യാഴാഴ്ച രാവിലെ 11 മണിക്ക്** സംഘടിപ്പിക്കേണ്ടതാണ്. (സദ്ഭാവനാ ദിന പ്രതിജ്ഞയുടെ പകർപ്പ് ഉൾച്ചേർത്തിരിക്കുന്നു.)

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആസ്ഥാന ഓഫീസ് സമുച്ചയമായ പട്ടം വൈദ്യുതി ഭവനിലെ രണ്ടാം നിലയിൽ രാവിലെ 11 – മണിക്ക് സദ്ഭാവനാ ദിന പ്രതിജ്ഞ എടുക്കുന്നതായിരിക്കും.. ജീവനക്കാർ കോവിഡ് - 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത പരിപാടിയിൽ പങ്കെടുക്കേണ്ടതാണ് ഇതിനോട് അനുബന്ധിച്ചിട്ടുള്ള ക്രമീകരണങ്ങൾ സിവിൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സജ്ജമാക്കുന്നതായിരിക്കും.

മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പ് മേധാവികളും ജീവനക്കാരുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

**ഒപ്പ്**

**ഉണ്ണികൃഷ്ണൻ.പി.ജി**
**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /

എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,
17/8/2020
സീനിയർ സൂപ്രണ്ട്

# പ്രതിജ്ഞ

" സമുദായം, മതം, പ്രദേശം, ഭാഷ തുടങ്ങിയ യാതൊരുവിധ പരിഗണനയും കൂടാതെ ഭാരതത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ഐക്യത്തിനും സൗഹാർദ്ദത്തിനും വേണ്ടി അർപ്പണ ബോധത്തോടെ പ്രവർത്തിക്കുമെന്ന് ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.

ഒരിക്കലും അക്രമ മാർഗ്ഗം സ്വീകരിക്കില്ലെന്നും എല്ലാത്തരം ഭിന്നതകളും ചർച്ചകളിലൂടെയും ഭരണഘടനാപരമായ മറ്റ് മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു."